## ഏലിയ സ്ലീവാക്കാലം എട്ടാം ഞായർ

**മത്താ 22:23-33**

### വചനത്തിന്റെ ശക്തി മനസ്സിലാക്കാൻ...

**റവ.ഡോ. വർഗീസ് അമ്പലത്തിങ്കൽ**

യേശു ജെറുസലേമിലേക്കു രാജകീയമായി പ്രവേശിക്കുകയും ദേവാലയം ശുദ്ധീകരിക്കുകയും തുടർന്നു തന്റെ കുരിശുമരണത്തിനു തൊട്ടുമുമ്പുള്ള അവസാന ദിവസങ്ങളിൽ ജെറുസലേമിൽ പഠിപ്പിക്കുകയും യഹൂദരുമായി വാദപ്രതിവാദത്തിൽ ഏർപ്പെടുകയും ചെയ്യുന്നതാണ് ഇന്നത്തെ സുവിശേഷഭാഗത്തിന്റെ പശ്ചാത്തലം. പുരോഹിതവിഭാഗത്തിൽപ്പെട്ട സദുക്കായരാണ് പുനരുത്ഥാനത്തെക്കുറിച്ചുള്ള ചോദ്യവുമായി യേശുവിനെ സമീപിക്കുന്നത്. തികച്ചും യാഥാസ്ഥിതികരായിരുന്ന സദുക്കായർ വിശുദ്ധ ഗ്രന്ഥത്തെ വളരെ മൗലികമായാണ് വ്യാഖ്യാനിച്ചിരുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ തന്നെ തോറ (പഞ്ചഗ്രന്ഥി) മാത്രമേ ദൈവനിവേശിതമായി അവർ പരിഗണിച്ചിരുന്നുള്ളൂ. പ്രവാചകഗ്രന്ഥങ്ങളും ജ്ഞാനഗ്രന്ഥങ്ങളും വെളിപ്പെടുത്തപ്പെട്ടവയായി ഇവർ അംഗീകരിച്ചിരുന്നില്ല. മോശയുടെ പുസ്തകത്തെ (പഞ്ചഗ്രന്ഥി) വാച്യാർത്ഥത്തിൽ വ്യാഖ്യാനിക്കുന്നതു വഴിയായി മരിച്ചവരുടെ ഉയിർപ്പ് അതിൽ കാണുന്നില്ലെന്നും അതുകൊണ്ട് അതൊരു വിശ്വാസസത്യമല്ലായെന്നതുമായിരുന്നു സദുക്കായരുടെ വാദം. എന്നാൽ യഹൂദരിൽ തന്നെ മറ്റൊരു വിഭാഗമായ ഫരിസേയർ നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു.

യേശുവും ശിഷ്യന്മാരും പുലർത്തിയിരുന്ന ശരീരത്തിന്റെ ഉയിർപ്പിലുള്ള വിശ്വാസത്തിന്റെ നിസ്സാരത കാണിച്ചു കൊടുക്കുവാനാണ് വളരെ നിലവാരം കുറഞ്ഞ ഒരു ഉദാഹരണവുമായി സദുക്കായർ യേശുവിനെ സമീപിക്കുന്നത്. അതിനുവേണ്ടി മോശയുടെ നിയമത്തിലെ ഭർത്തൃസഹോദര ധർമ്മത്തെയാണ് അവർ ആധാരമാക്കുന്നത്. ഈ നിയമമനുസരിച്ച് സഹോദരന്മാർ ഒരുമിച്ചു താമസിക്കുമ്പോൾ, അവരിലൊരാൾ പുത്രനില്ലാതെ മരിച്ചുപോയാൽ, ഭർത്താവിന്റെ സഹോദരൻ പരേതനായ സഹോദരന്റെ ഭാര്യയെ പ്രാപിക്കുകയും ഭാര്യയായി സ്വീകരിച്ചു ഭർത്തൃസഹോദരധർമ്മം നിർവഹിക്കണമെന്നും അവളുടെ ആദ്യജാതനു പരേതനായ സഹോദരന്റെ പേരിടണമെന്നും നിഷ്കർഷിക്കുന്നുണ്ട്. പരേതനായ സഹോദരന്റെ നാമം ഇസ്രായേലിൽ നിന്നു മാഞ്ഞുപോകാതിരിക്കുകയെന്നതാണ് ഈ നിയമത്തിന്റെ ഉദ്ദേശ്യം. ഇതിനെ അടിസ്ഥാനമാക്കി ഏഴ് സഹോദരന്മാരുടെ ഭാര്യയായിരുന്ന ഒരു സ്ത്രീ പുനരുത്ഥാനത്തിൽ ആരുടെ ഭാര്യയായിരിക്കുമെന്നതാണ് സദുക്കായരുടെ ചോദ്യം.

സദുക്കായർക്കു പുനരുത്ഥാനത്തെക്കുറിച്ച് വളരെ വികലമായ കാഴ്ചപ്പാടാണ് ഉണ്ടായിരുന്നതെന്ന് അവരുടെ ചോദ്യത്തിൽ നിന്ന് വ്യക്തമാണ്. ഭൂമിയിലെ ജീവിതത്തിന്റെയും വ്യവഹാരങ്ങളുടെയും മറ്റൊരു പതിപ്പ് മാത്രമായാണ് അവർ പുനരുത്ഥാനജീവിതത്തെ കണ്ടിരുന്നത്. പുനരുത്ഥാനജീവിതം എങ്ങനെയുള്ളതായിരിക്കുമെന്നും പുനരുത്ഥാനത്തിലുള്ള പ്രത്യാശയുടെ അടിസ്ഥാനമെന്താണെന്നും വ്യക്തമാക്കുന്നതാണ് യേശുവിന്റെ മറുപടി.

ഈ ഭൂമിയിൽ ജീവിതത്തിൽ നിന്നും അതിന്റെ ആവശ്യങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒന്നായിരിക്കും പുനരുത്ഥാനജീവിതമെന്നും അവിടെ നാം ശരീരത്തോടു കൂടെ ആയിരിക്കുമെങ്കിലും സമയത്തിനും സ്ഥലത്തിനും അതീതമായ നിത്യതയിൽ സ്വർഗദൂതന്മാരെപ്പോലെയായിരിക്കുമെന്ന് യേശു പഠിപ്പിക്കുന്നു. പുനരുത്ഥാനത്തിൽ വലിയൊരു രൂപാന്തരീകരണത്തിലൂടെ നശ്വരമായത് അനശ്വരവും മർത്യമായത് അമർത്യവുമായിത്തീർന്ന് സ്വർഗീയ ശരീരങ്ങളുടെ തേജസ് കൈവരിക്കും. ദൈവവുമായുള്ള പരിപൂർണ ഐക്യത്തിലുള്ള ഉത്ഥാനജീവിതത്തിൽ ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവുകയില്ല.

പുനരുത്ഥാനത്തിലുള്ള പ്രത്യാശയുടെ അടിസ്ഥാനം മോശയുടെ പുസ്തകത്തിൽത്തന്നെ കാണാൻ കഴിയുമെന്നും വിശുദ്ധ ലിഖിതങ്ങളോ ദൈവത്തിന്റെ ശക്തിയോ മനസ്സിലാക്കാത്തതിനാൽ നിങ്ങൾക്കു തെറ്റുപറ്റിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടാണ് യേശു സദുക്കായരെ തിരുത്തുന്നത്. ദൈവത്തിന്റെ ശക്തിക്കു സൃഷ്ടിക്കാനും പുനർസൃഷ്ടിക്കാനും സാധിക്കും. ദൈവത്തെക്കുറിച്ചും

അവിടുത്തെ ശക്തിയെക്കുറിച്ചും ജനങ്ങളെ പഠിപ്പിക്കാൻ ഉത്തരവാദിത്വമുള്ള സദുക്കായരുടെ അറിവില്ലായ്മയെ യേശു കുറ്റപ്പെടുത്തുന്നു. അവരുടെ അറിവില്ലായ്മയെ യേശു തിരുത്തുന്നത് ഇപ്രകാരമാണ്; മരിച്ചവർ ഉയിർത്തെഴുന്നേല്ക്കുന്നതിനെക്കുറിച്ചു ദൈവം മുൾപ്പടർപ്പിൽ നിന്നു മോശയോട് അരുൾ ചെയ്തു: ഞാൻ അബ്രാഹത്തിന്റെ ദൈവവും ഇസഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമാണ്. അതിനാൽ അവിടുന്നു മരിച്ചവരുടെയല്ല, ജീവിച്ചിരിക്കുന്നവരുടെ ദൈവമാണ്; കാരണം, അവിടുന്നിൽ എല്ലാവരും ജീവിക്കുന്നു. ദൈവവും ദൈവജനവും തമ്മിലുള്ള ഉടമ്പടി ആർക്കും മരണത്തിനുപോലും തകർക്കാനാവില്ല. ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്. ദൈവത്തിന്റെ ശക്തിയിലുള്ള വിശ്വാസക്കുറവാണ് സദുക്കായരുടെ വാക്കുകളിൽ പ്രതിഫലിക്കുന്നത്. ഉയിർപ്പിലുള്ള പ്രത്യാശ നമ്മുടെ വിശ്വാസജീവിതത്തിന്റെ അടിസ്ഥാനമാണ്. ഉത്ഥിതനും മഹത്ത്വപൂർണനുമായ ക്രിസ്തുവാണു നമ്മുടെ പ്രത്യാശ. ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു ഭൂതകാലാസംഭവമല്ല. ഈ ലോകത്തിൽ പ്രവേശിച്ചു കഴിഞ്ഞ ഒരു സജീവശക്തി അതിൽ അടങ്ങിയിട്ടുണ്ട്. എല്ലാം മൃതരെന്നു തോന്നുന്നയിടത്തു പെട്ടെന്നു പുനരുത്ഥാനത്തിന്റെ അടയാളങ്ങൾ പൊട്ടിമുളയ്ക്കുന്നു. അത് അപ്രതിരോധ്യമായ ഒരു ശക്തിയാണ്. പലപ്പോഴും ദൈവമില്ലെന്നും തോന്നും. നമുക്കു ചുറ്റും നിരന്തരമായ അനീതിയും തിന്മയും നിസ്സംഗതയും ക്രൂരതയും നാം കാണുന്നു. എന്നാൽ അന്ധകാരത്തിന്റെ മധ്യത്തിലും എപ്പോഴും പുതിയതു ചിലതു ജീവനിലേക്കു പൊട്ടിവിടരുകയും പെട്ടെന്നോ പിന്നീടോ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു എന്നുള്ളതും സത്യമാണ്. ഇടിച്ചു നിരത്തപ്പെട്ട ഭൂമിയിൽ ശാഠ്യപൂർവം എന്നാൽ അജയ്യമായി ജീവൻ ആവിർഭവിക്കുന്നു. കാര്യങ്ങൾ എത്ര ഇരുണ്ടതാണെങ്കിലും നന്മ എപ്പോഴും വീണ്ടും ഉയർന്നു വന്നു വ്യാപിക്കുന്നു. നശിച്ചുപോയി എന്നു തോന്നിയിരുന്ന അവസ്ഥകളിൽ നിന്നു മനുഷ്യവ്യക്തികൾ വീണ്ടും വീണ്ടും ഉയർന്നു വന്നിട്ടുണ്ട്. പുനരുത്ഥാനത്തിന്റെ ശക്തി അങ്ങനെയുള്ളതാണ്. സുവിശേഷവത്കരണപ്രവർത്തനം നടത്തുന്നവർ ആ ശക്തിയുടെ ഉപകരണങ്ങളാണ് (സുവിശേഷത്തിന്റെ ആനന്ദം 276).